

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**16 AUGUST 2019**
**14 DHUL-HIJJAH 1440 AH**

# DIVINE FAVOUR TO ABRAHAM (AS)
# ഇബ്‌റാഹീം (അ)ന്റെ മേൽ ദൈവീകാനുഗ്രഹം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **ഇബ്‌റാഹീം (അ)ന്റെ മേൽ ദൈവീകാനുഗ്രഹം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

നാം ഹജ്ജ് മാസത്തിലാണ്. (ദുൽഹിജ്ജ്) ഈദുൽ അദ്ഹാ അഥവാ വലിയ പെരുന്നാൾ, നാമത് കഴിഞ്ഞ തിങ്കളാഴ്ച ആഘോഷിക്കുകയുണ്ടായി. ഇന്നത്തെ എന്റെ വെള്ളിയാഴ്ച ഖുത്തുബ ദൈവീകാനുഗ്രഹം, ഹസ്രത് ഇബ്‌റാഹീം (അ)ന്റെ മേൽ നല്കുകയും അതേ തുടർന്ന് ഹസ്രത് മുഹമ്മദ് മുസ്തഫ(സ)ന് പ്രാവകത്വം എന്ന അനുഗ്രഹം നല്കുകയും അത് മുഹമ്മദൻ സമുദായത്തിന് അനന്തരമായി ലഭിച്ചതെങ്ങനെ എന്നുമുള്ള വിഷയത്തെ ആസ്പദമാക്കിയാണ് സംസാരിക്കുന്നത്. ലീ മൗറിഷ്യൻ ദിനപത്രത്തിൽ ഫ്രഞ്ച് ഭാഷയിൽ പ്രസദ്ധീകരിച്ച (2019 ആഗസ്റ്റ് 12ന് ഈദുൽ അദ്ഹാദിനത്തിൽ) ലേഖനത്തെ അധികരിച്ച്, ഇതരസമുദായത്തിൽപ്പെട്ട ആളുകൾ ഇസ്ലാമിന് അനുയോജ്യമല്ലാത്ത അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. അതിൽ ചിലർ ഹസ്രത് ഇബ്രാഹീം (അ)ന്റെ മാന്യതയ്ക്ക് നിരക്കാത്ത പരാമർശങ്ങളും നടത്തുകയുണ്ടായി. മൃഗബലിയെ അപലപിച്ചുകൊണ്ടും പരാമർശങ്ങൾ നടത്തുകയുണ്ടായി. അതിൽ മതത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ വിശ്വാസമില്ലാത്തവരും ഉൾപ്പെടുന്നുണ്ട്. ദൈവത്തിൽ തന്നെ വിശ്വാസമില്ലാത്തവരും അതിലുണ്ട്. ഇത്തരം ആളുകൾ പറയുന്നത്, ഇസ്ലാം മുൻമതങ്ങളിൽ നിന്നും പകർത്തിയ ഒരു മതമാകുന്നു എന്നാണ്, അതിലെ ആചാരനുഷ്ഠാനങ്ങൾ പിന്തു

ടരുന്ന ഒരു മതമാകുന്നു എന്നാകുന്നു.

ആയതിനാൽ അവരുടെ ആരോപണങ്ങൾക്ക് ഈ പ്രസംഗത്തിലൂടെ മറുപടി പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവരുടെ ആരോപണങ്ങൾക്ക് ഖണ്ഡനം എന്ന നിലയിൽ ഈ വിഷയത്തിന്റെ ആഴങ്ങളിലേക്ക് ഞാൻ പ്രവേശിക്കുന്നതാണ്. അതിലൂടെ ഹസ്രത് ഇബ്റാഹീം (അ)ന്റെയും അദ്ദേഹത്തിന്റെ സന്താനങ്ങളുടെയും അദ്ദേഹത്തിന്റെ നിയമാനുസൃത ഭാര്യമാരുടെയും മാന്യത സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്.

ഇസ്ലാം സംശയലേശമന്യേ ഒരു മാതൃകാ ജീവിത വഴിത്താരയാണ്. ഇസ്ലാം മനുഷ്യകുലത്തിന്റെ ഉല്പത്തി മുതൽ നിലനിന്ന ഒരു പ്രസ്ഥാനം തന്നെയാണ്. ഇസ്ലാം എന്നാൽ സമാനതകളില്ലാത്ത ദൈവത്തിന്റെ ഇച്ഛയ്ക്കു മുൻപിൽ സമാധാനത്തോടെ സകലതും സമർപ്പിക്കുക എന്നതാണ്. പ്രസ്തുത ദൈവത്തിന് യാതൊരുവിധ കൂട്ടുകാരും പങ്കുകാരുമില്ലാത്തതാകുന്നു. അവനെ ആരാധിക്കുന്ന കാര്യത്തിൽ മറ്റൊന്നിനെയും അവനോടൊപ്പം ചേർക്കാവതുമല്ല. ആദരണീയരായ സമസ്ത പ്രവാചകന്മാരുടെയും ജീവിതവഴിതന്നെയാണ് ഇസ്ലാം.(ഇസ്ലാമിന്റെ ആവിർഭാവത്തിനു മുൻപുള്ള എല്ലാ പ്രവചകന്മാരുടെയും ജീവിത വഴി തന്നെയാണ് ഇസ്ലാം.) എന്നാൽ ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ ആഗമനത്തോടെ, ദൈവം താൻ തന്നെ, അവന്റെ വിശ്വാസ സംഹിതയ്ക്ക്, ജീവിതവഴിയ്ക്ക്, അവന്റെ മതത്തിന്, അല്ലാഹു(ത) അദ്ദേഹത്തിനും, അദ്ദേഹത്തിന്റെ വിശ്വസ്തരായ, നിഷ്ക്കളങ്കരായ അനുയായികൾക്കുമായി ഇസ്ലാമിനെ അവരുടെ ഔദ്യോഗികമായ മതമായി അംഗീകരിച്ചു നല്കുകയും, അവരെ മുസ്ലിംകൾ എന്ന് നാമകരണം ചെയ്യുകയുമുണ്ടായി. (മുസ്ലിംകൾ എന്നാൽ അർത്ഥം സമാനതകളില്ലാത്ത ഏക ദൈവത്തിന് സമാധാനത്തോടെ എല്ലാം സമർപ്പിക്കുകയും പ്രസ്തുത സമാധാനം ലോകമെങ്ങും വ്യാപിപ്പിക്കുകയും ചെയ്യുന്നവർ എന്നാകുന്നു.)

വ്രതാനുഷ്ഠാനം, തീർത്ഥാടനം തുടങ്ങിയ അനുഷ്ഠാനങ്ങൾ ഔദ്യോഗിക ഇസ്ലാമിനു മുൻപ് മുതൽതന്നെ നിലവിലുണ്ടായിരുന്നു. അത്തരം ചര്യകൾ ഇബ്റാഹീം (അ)ന്റെയും മകൻ യിസ്മായീൽ (അ)ന്റെയും കാലം മുതൽ തന്നെ നിലനിന്നിരുന്നു. പരിശുദ്ധ ഭവനത്തിന്റെ അസ്ഥിവാരം അവർ പടുത്തുയർത്തിയപ്പോൾ, പ്രസ്തുത ഭവനത്തിന്റെ ചുറ്റും അവർ

പ്രദക്ഷിണം ചെയ്തിരുന്നു. ഏകദൈവത്തെ മാത്രം അവർ ആരാധിക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ എന്റെ വെള്ളിയാഴ്ച ഖുത്തുബയിൽ നിങ്ങളോട് വിശദീകരിച്ചതുപോലെ അവരുടെ കാലശേഷം/ അനേക വർഷങ്ങൾക്കു ശേഷം/നൂറ്റാണ്ടുകൾക്ക് ശേഷം, അതായത് അവർക്ക് ശേഷം വന്നവർ പിശാചിന്റെ കെണിയിൽ വീഴുകയും, അങ്ങനെ അവർ വിഗ്രഹങ്ങളെ ആരാധിക്കുവാൻ തുടങ്ങുകയും ചെയ്തു. അവർ സമാനതകളില്ലാത്ത ഏകദൈവത്തെ മറക്കുകയും ചെയ്തു. അല്ലാഹുവിലുള്ള (ഏകനായ ദൈവം) വിശ്വാസത്തോടൊപ്പം, അവന്റെ ചാരത്ത് വിഗ്രഹങ്ങളെയും അവർ പ്രതിഷ്ഠിച്ചു. അതിന് അവർ മുൻഗണന കൊടുത്തു, അവനോടൊപ്പം അവർ അവയേയും പ്രാർത്ഥിക്കുവാൻ തുടങ്ങി. അങ്ങനെ അവർ ദൈവത്തിന് പങ്കാളികളെ സ്ഥാപിച്ച് അവരെയും അവർ ആരാധിക്കുവാൻ തുടങ്ങി.

തീർത്ഥാടനത്തിന്റെ സമ്പൂർണ്ണരീതിയാണ് ഹസ്രത് മുഹമ്മ് മുസ്തഫ (സ) ഹജ്ജിലൂടെ നമ്മെ പഠിപ്പിച്ചത് എന്ന് ഞാൻ തറപ്പിച്ചു പറയുകയാണ്. നീതിപൂർണ്ണവും സമ്പൂർണ്ണവുമായ ഒരു തീർത്ഥാടനം- ഹസ്രത് ഇബ്റാഹീം(അ) യും ഹസ്രത് ഇസ്മായീൽ (അ)യും കാണിച്ചുതന്ന, അല്ലാഹുവിനെ ആരാധിക്കേണ്ട ക്രമത്തിന്റെ മൂർത്തീമത്ഭാവം! ലോകാവസാനം വരേയ്ക്കും ഈ സമ്പൂർണ്ണ തീർത്ഥാടനം തുടർന്നുകൊണ്ടിരിക്കുകയും നിലനില്ക്കുകയും ചെയ്യുന്നതാണ്. അതാണ് ഇസ്ലാമിക ഹജ്ജ്. ദൈവത്തിന്റെ എല്ലാ പ്രവാചകന്മാരും കാണിച്ചു തന്ന ആദരണീയവും വ്യവസ്ഥാപിതവുമായ ആരാധന ക്രമങ്ങൾ മുഴുവൻ ഹജ്ജിലൂടെ പുനർജനിച്ചുകൊണ്ടിരിക്കുന്നു. എല്ലാ പ്രവാചകന്മാരേയും അംഗീകരിക്കുന്ന ഒരേ ഒരു മതം ഇസ്ലാം മാത്രമാകുന്നു. എല്ലാവരേയും അത് ആദരിക്കുന്നു. അത് ഒന്നിന്റെ മേലും ഒരു അപവാദവും നടത്തുന്നില്ല. തീർച്ചയായും ദൈവം അവന്റെ എല്ലാ പ്രവാചകന്മാരേയും സ്നേഹിക്കുന്നു. അവൻ മാത്രമാണ് അവരെ ദൂതന്മാരായി ഉയർത്തിയത്.

കഴിഞ്ഞ ആഴ്ചയിലും എന്റെ ഈദ് ഖുത്തുബയിലും മൃഗങ്ങളെ ബലിഅർപ്പിക്കുന്നത് സംബന്ധമായി ദീർഘമായി സംസാരിച്ചിട്ടുണ്ട്. എന്തുകൊണ്ടാണ് നാം അത്തരം ബലിഅർപ്പണം

ചെയ്യേണ്ടത്? പണ്ട് വളരെകാലം മുൻപ് എന്തിനേറെ ഇന്നും ആഫ്രിക്കയുടെയും, മഡഗാസ്ക്കറിന്റെയും പ്രാന്ത പ്രദേശങ്ങളിൽ മനുഷ്യബലി അർപ്പണം നടക്കുന്നു. ഇന്ന് നാം ഇതിനെ അറിപ്പെടുന്നത് നരമാംസഭോജനം എന്നാകുന്നു. തീർച്ചയായും ഏറ്റവും ഗൗരവമായവഹമായ കാര്യം എന്താണ്? ഈ ആളുകൾ ഭക്ഷിക്കുന്നത് മൃഗങ്ങളുടെ മാംസമല്ല. മറിച്ച് ഈ ആളുകൾ ഭക്ഷിക്കുന്നത് മനുഷ്യരുടെ മാംസമാകുന്നു.

ഇസ്ലാമിന്റെ ആവിർഭാവത്തിന് മുൻപ്, അപരിഷ്കൃത ജനങ്ങൾ നരബലി നടത്തിയിരുന്നു. ഇസ്ലാമിനെ വിമർശിക്കുന്നവർ അതുപൊലെ ഇബ്റാഹീം(അ)നെയും, വിമർശിക്കുന്നവർ, ഒരു കാര്യം മനസ്സിലാക്കണം. അപരിഷ്കൃത യുഗത്തിൽ ജീവിച്ചിരുന്ന ഇവർ മൃഗബലി നടപ്പിലാക്കിയില്ലായിരുന്നുവെങ്കിൽ, അവർ കാണേണ്ടിവരുന്നത് മൃഗബലി ആയിരുന്നില്ല. മറിച്ച്, നരബലി ആയിരുന്നേനെ! എന്നാൽ ദൈവം ഹസ്രത് ഇബ്റാഹീം (അ)ലൂടെയും ഹസ്രത് ഇസ്മായീൽ(അ)ലൂടെയും നരബലിക്ക് അന്ത്യം കുറിക്കുകയാണ് ചെയ്തത്. അല്ലാഹു (ത) അവർ ഇരുവരേയും മാതൃകയായി ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. ബലിദാനത്തിന്റെ മഹോന്നതമായ മാതൃകകളാക്കുകയാണ് ചെയ്തത്. ഇതിലൂടെ അല്ലാഹു(ത) മുസ്ലിംകളെ പഠിപ്പിക്കുകയാണുണ്ടായത്. അതുപോലെ മുഴുവൻ മാനവകുലത്തേയും പഠിപ്പിക്കുകയാണ് ചെയ്തത്. അതായത് അവന് സ്വീകാര്യമായത് മൃഗബലി മാത്രമാണ്. നരബലി അവൻ സ്വീകരിക്കുന്നതല്ല. അതായത് മനുഷ്യന്റെ രക്തം ചീന്തുന്നത് അവന് ഇഷ്ടമല്ല. അതുമാത്രമല്ല, ഇസ്ലാമിൽ, അനുവദിക്കപ്പെട്ട ഒരു മൃഗത്തിന്റെ മാംസം പോലും ഒരു മുസ്ലിമിന് അനുവദനീയമല്ല. ദൈവത്തിന്റെ നാമം അതിൽ ഉച്ചരിക്കാത്തിടത്തോളം കാലം! ബലിഅർപ്പണവും മാംസംഭക്ഷിക്കലും തർക്കവിഷയം തന്നെയാണ്. മനുഷ്യക്കുരുതികൾ നടത്തപ്പെട്ടത് വിഗ്രഹമൂർത്തികളെ തൃപ്തിപ്പെടുത്തുന്നിനു വേണ്ടി ആയിരുന്നു. ഏകദൈവത്തിന്റെ വീക്ഷണത്തിൽ ഇത്തരം അനുഷ്ഠാനങ്ങൾ അങ്ങേഅറ്റം അപലപനീയമാകുന്നു, ശിക്ഷാർഹവുമാണ്

വിശുദ്ധഖുർആനിൽ ദൈവം ഒരു സംഭവം വിവരിക്കു

ന്നു. പ്രസ്തുത സംഭവം പഴയ നിയമത്തിലും പുതിയ നിയമത്തിലും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. അതിൽ പറയുന്നു ചില കാര്യങ്ങളിൽ ഹസ്രത് ഇബ്റാഹീം (അ)നെ ദൈവം പരീക്ഷിക്കുകയുണ്ടായി. പ്രസ്തുത കാര്യത്തിൽ അദ്ദേഹം വിജയശ്രീലാളിതനാവുകയുമുണ്ടായി. വിശുദ്ധ ഖുർആൻ പറയുന്നു ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ നാഥൻ ചില കല്പനകൾ വഴി പരീക്ഷിച്ച സന്ദർഭം (ഓർക്കുക) അപ്പോൾ അദ്ദേഹം അവയെ പൂർത്തിയാക്കി, അവൻ (അല്ലാഹു) പറഞ്ഞു. ഞാൻ നിന്നെ ജനങ്ങൾക്ക് നേതാവാക്കുന്നു. അദ്ദേഹം പറഞ്ഞു എന്റെ സന്തതികളിൽ നിന്നും (നേതാക്കന്മാരെ എഴുന്നേല്പിക്കണമേ) അവൻ (അല്ലാഹു) പറഞ്ഞു എന്റെ ഉടമ്പടി അധർമ്മികൾക്ക് ബാധകമാവുകയില്ല. (2:25)

ഇബ്റാഹീം(അ)തന്റെ രക്ഷിതാവിന്റെ കല്പനകൾ പൂർത്തിയാക്കി എന്നത് ഏറ്റവും വ്യക്തമായ കാര്യമാണ്. അതുകൊണ്ട് ദൈവം അദ്ദേഹവുമായി ഒരു ഉടമ്പടി ചെയ്തു. അദ്ദേഹത്തിന്റെ സന്തതികളിൽ പ്രവാചകത്വം സ്ഥാപിക്കുന്നതാണ്. എന്നാൽ അവർ അതിക്രമം പ്രവർത്തിക്കുന്നവരാകരുത്! അതായിരുന്നു വ്യവസ്ഥ!

## Who are Abraham's offspring,and how did God fulfil His promise?

## ഇബ്റാഹീം (അ)ന്റെ സന്താനങ്ങൾ ആരായിരുന്നു? എങ്ങനെയാണ് ദൈവം അവന്റെ ഉത്തരവാദിത്വം അവരോട് നിറവേറ്റിയത്?

ഹസ്രത് ഇബ്റാഹീം(അ)ൽ നിന്നും രണ്ട് പ്രധാനപ്പെട്ട വംശ പരമ്പരയുണ്ടായിരുന്നു എന്ന് നാം ഓർക്കണം. അതിൽ ഒന്ന് ഹസ്രത് ഇസ്മാഈൽ(അ)ലൂടെയുള്ളതാണ്. അത് അറബിരാജ്യങ്ങളിലൂടെ വ്യാപിക്കുകയുണ്ടായി. രണ്ടാമത്തേത് ഇസ്ഹാഖ് (അ)ലൂടെയും, ഹസ്രത് യഅ്ഖൂബ്(അ)ന്റെ കുടുംബത്തിലൂടെയുമുള്ളതാകുന്നു. അത് പലസ്തീനിലൂടെയും അയൽരാജ്യങ്ങളിലൂടെയും വ്യാപിക്കുകയുണ്ടായി.

ഒന്നാമത്തെ വംശം ഇസ്മായിലൈറ്റ്സ് പരമ്പര എന്ന് വിളിക്കപ്പെടുന്നു. രണ്ടാമത്തെ വംശം ഇസ്രായേലി വംശം എന്നും വിളിക്കപ്പെടുന്നു. ചില ജൂതഗ്രോതങ്ങൾ ഇറാനിലും അഫ്ഗാനിസ്ഥാനിലും തങ്ങളുടെ നില ഭദ്രമാക്കുകയുണ്ടായി. ഇബ്റാഹീം(അ)നെ അഗ്നിയിൽ എറിയുവാൻ ചില വിഗ്രഹാരാധകർ ഗൂഢാലോചന നടത്തിയപ്പോൾ, അദ്ദേഹം ദൈവ

ത്തോട് പ്രാർത്ഥിക്കുകയുണ്ടായി, സൽസന്താനങ്ങളെ നല്കുവാനായി! തന്റെ മരണശേഷം തന്റെ ദൗത്യം ഏറ്റെടുത്തു നടത്തുവാനായി. തന്റെ യഥാർത്ഥ അനന്തരാവകാശികളായി തീരുന്നതിനു വേണ്ടി! വിശുദ്ധഖുർആൻ പറയുന്നു അങ്ങനെ അവർ അദ്ദേഹത്തിനെതിരിൽ ഒരു കുതന്ത്രം ഉദ്ദേശിച്ചു. പക്ഷേ, നാം അവരെ അങ്ങേഅറ്റം നിന്ദ്യരാക്കി കളഞ്ഞു. (അതിനുശേഷം) അദ്ദേഹം പറഞ്ഞു. ഞാനെന്റെ നാഥന്റേയടുക്കലേക്ക് പോകുകയാണ്. അവൻ എന്നെ വിജയമാർഗ്ഗത്തിലേക്ക് നയിക്കും. (അദ്ദേഹം പ്രാർത്ഥിച്ചു) എന്റെ നാഥാ! നീ എനിക്ക് സദ്വൃത്തരിൽപ്പെട്ട സന്തതികളെ നല്കേണമെ (അപ്പോൾ, സഹനശീലനായൊരു സുതനെക്കുറിച്ച് നാം അദ്ദേഹത്തിന് സുവിശേഷം നല്കി (37:99-102)

ഹസ്രത് ഇബ്റാഹീം(അ) വിഗ്രഹങ്ങളെ തച്ചുടയ്ക്കുവാനും. പകരം തത്സ്ഥാനത്ത് ഏകദൈവത്തെ സ്ഥാപിക്കുവാനും രംഗത്തു വരികയുണ്ടായി. വിഗ്രഹാരാധകർ അദ്ദേഹത്തെ കൊല്ലുവാൻ പദ്ധതി തയ്യാറാക്കി. എന്നാൽ ഇബ്രാഹീം(അ) അവരോട് ശക്തമായ നിലയിൽ തറപ്പിച്ചുപറയുകയുണ്ടായി. അവർക്ക് തന്റെ ദൗത്യത്തിനു മുന്നിൽ ഒരു തടസ്സവും സൃഷ്ടിക്കുവാൻ സാധിക്കുകയില്ല. കാരണം സർവ്വശക്തനായ അല്ലാഹു(ത) തന്നെയാണ് അദ്ദേഹത്തിന് മാർഗദർശനം നല്കുന്നത്. എന്നാൽ അതേ സമയം, ഈ ആളുകൾ അദ്ദേഹത്തിന്റെ ജീവിതത്തിന് അന്ത്യം കുറിക്കുമെന്നുള്ള വിചാരവും ഉടലെടുക്കുയുണ്ടായി. അപ്പോൾ അദ്ദേഹം അല്ലാഹുവിനോട് തനിക്കൊരു മകനെ നല്കുവാനായി, കേണപേക്ഷിച്ചു. തന്റെ ദൗത്യം തുടർന്നു നടത്തുന്നതിനായി അദ്ദേഹത്തിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചു. അങ്ങനെ തന്റെ പ്രഥമ പുത്രൻ ഹസ്രത് ഇസ്മായിൽ (അ)ജനിച്ചു. പഴയനിയമത്തിൽ ഈ പ്രാർത്ഥന സംബന്ധമായും അതിന്റെ പൂർത്തീകരണം സംബന്ധമായും ഇപ്രകാരം പറയുന്നു.

## അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തം

അതിനുശേഷം, യഹോവ ദർശനത്തിലൂടെ അബ്രഹാമിനോട് അരുളിച്ചെയ്തത്. അബ്രമേ ഭയപ്പെടേണ്ട ഞാൻ നിന്റെ പരിചയും, നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു. അതിന് അബ്റാം പറഞ്ഞത് ദൈവമായ യഹോ

വേ, ഞാൻ മക്കളില്ലാത്തവനായിരിക്കേ നീ എനിക്ക് എന്ത് പ്രതിഫലം തരും? എന്റെ അനന്തരാവകാശി ദമ്മേശെക്കുകാരനായ എല്യേസർ ആകുന്നുവല്ലോ, നീ എനിക്ക് മക്കളെ തന്നിട്ടില്ലാത്തതിനാൽ എന്റെ ഭവനത്തിൽ ജനിക്കുന്ന ദാസൻ, എന്റെ അനന്തരാവകാശി ആകുന്നു എന്നും അബ്രാം പറഞ്ഞു. അപ്പോൾ യഹോവ അവനോട് അവൻ നിന്റെ അനന്തരാവകാശി ആവുകയില്ല. പിന്നെയോ നിന്നിൽ നിന്നു ജനിക്കുന്നവൻ തന്നെ നിന്റെ അനന്തരാവകാശിയാകും എന്ന് അരുളിച്ചെയ്തു (ഉല്പത്തി 15 : 1-4)

യഹോവയുടെ ദൂതൻ പിന്നെയും അവളോട് (ഹാഗർ/ഹാജിറ) പറഞ്ഞു. ഞാൻ നിന്റെ സന്തതിയെ എണ്ണുവാൻ കഴിയാത്തവിധം അത്യധികമായി വർദ്ധിപ്പിക്കും. യഹോവയുടെ ദൂതൻ വീണ്ടും അവളോട് നീ ഗർഭിണിയാകുന്നുവല്ലോ; നീ ഒരു മകനെ പ്രസവിക്കും. യഹോവ നിന്റെ സങ്കടം കേട്ടിരിക്കുന്നതുകൊണ്ട് അവന് യിശ്മായേൽ എന്ന് പേര് വിളിക്കണം. അവൻ കാട്ടുകഴുതയെപ്പോലെയുള്ള മനുഷ്യൻ ആയിരിക്കും. അവന്റെ കൈ എല്ലാവർക്കും എതിരായിരിക്കും. എല്ലാരുടെയും കൈ അവനും എതിരായിരിക്കും. അവൻ തന്റെ സകലസഹോദരങ്ങൾക്കും എതിരായി പാർക്കും എന്ന് അരുളിച്ചെയ്തു (ഉല്പത്തി 16:10-12)

ഇവിടെ വന്യ മനുഷ്യനായിരിക്കം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, സ്വാതന്ത്ര്യത്തേയും സ്വതന്ത്രചിന്തയേയുമാണ് സൂചിപ്പിക്കുന്നത്. ഉർദുവിലുള്ള ബൈബിളിൽ ആസാദ് (സ്വാതന്ത്ര്യം) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിൽ വളരെ മഹത്തായ ഒരു പ്രവചനം അടങ്ങികിടക്കുന്നുണ്ട്.

- ഇസ്മായീൽ (അ)ന്റെ ഭാവിതലമുറകൾ എണ്ണിയാലൊടുങ്ങാത്തതായിരിക്കും.
- ഇസ്മായീൽ(അ)ന്റെ കൂടാരങ്ങൾ തന്റെ സഹോദരങ്ങൾക്കെല്ലാം മുൻപേ തന്നെ തയ്യാറാക്കപ്പെടുന്നതാണ്, അതായത് അദ്ദേഹത്തിന്റെ ഭാവിതലമുറ അതിശക്തവും, ശത്രുത വളരെ കൂടുതൽ ഉണ്ടാകുമെങ്കിലും, ഒരാൾക്കും അത് തകർത്തെറിയുവാൻ കഴിയുകയില്ല.
- അദ്ദേഹത്തിന്റെ ഉയർച്ചയുടെയും അധികാരത്തിന്റെയും സമയം ആരംഭിക്കുന്നത് എല്ലാവർക്കും എതിരായി തന്റെ

കയ്യ് ഉയർത്തുമ്പോഴാണ് അപ്പോൾ എല്ലാവരും അവരുടെ കൈകൾ അദ്ദേഹത്തിനെതിരായി ഉയർത്തുന്നതാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഒരു പ്രവാചകന്റെ വരും തലമുറകൾ പടർന്നു പന്തലിക്കുമ്പോൾ, അദ്ദേഹം കൊണ്ടു വന്ന സാർവ്വ ദേശീയ സന്ദേശം എല്ലാ വിശ്വാസങ്ങളെയും നിശ്ശബ്ദമാക്കുകയും, അതേ തുടർന്ന് എല്ലാവരും അദ്ദേഹ ത്തിനെതിരായി തീരുകയും ചെയ്യുന്നതാണ്.

- അദ്ദേഹം സ്വതന്ത്രനാകുമ്പോൾ, സ്വതന്ത്രഅഭിപ്രായങ്ങൾ പറ യുമ്പോൾ, അദ്ദേഹം എതിരാളികളുടെ വലിയ എതിർപ്പു കളെ അഭിമുഖീകരിക്കേണ്ടതായി വരുന്നതാണ്. എന്നാൽ അദ്ദേഹം വിജയശ്രീലാളിതനായി പുറത്തുവരുന്നതാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ അദ്ദേഹം ഒരു ഉറച്ച പാറ പോലെ ആയിരിക്കും. അത് ചെന്ന് മറ്റൊന്നിന്റെ മേൽ വീ ണാൽ അത് പൊടിഞ്ഞുതകരും. ഇനി അതിന്റെ മേൽ മറ്റൊന്നും വന്നു പതിച്ചാൽ, അത് താനെ പൊട്ടിത്തകരും.

ഇബ്റാഹീം (അ) ൽ നിന്നുള്ള രണ്ടാമത്തെ അനന്തരാ വകാശികളുടെ കാര്യത്തിലേക്ക് തിരിയുകയാണ്. ഇസ്മായീൽ (അ)ന്റെ ജനനത്തിന് ശേഷം ഇബ്റാഹീം(അ) ന് മറ്റൊരു കുട്ടി ഉണ്ടാകുമെന്നുള്ള യാതൊരു പ്രതീക്ഷയുമില്ലായിരുന്നു. എന്നാൽ, ദൈവം സാറായിൽ നിന്നു ഒരു കുട്ടിയെ കൊണ്ടുവരുവാൻ ഉദ്ദേശിച്ചു. ലൂത്ത്(അ)ന്റെ ജനതയെ നശി പ്പിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചപ്പോൾ, ഇബ്റാഹീം(അ) ഒരു മൃദു മാനസനായിരുന്നു, അദ്ദേഹം അല്ലാഹുവിനോട് അപേക്ഷിക്കു കയുണ്ടായി, തന്റെ ജനതയെ ശിക്ഷയിൽ നിന്നു ഒഴു വാക്കുവാൻ, അപ്പോൾ അല്ലാഹു(ത)അദ്ദേഹത്തോട് പറയുക യുണ്ടായി, ഈ ജനത ഭയാനകമായ നിലയിൽ ദുഷിച്ചു പോയി രിക്കുന്നു. എന്നാൽ വളരെ കുറച്ചുപേർ നല്ലവരായിട്ടുണ്ട്. അവരെ ഒഴിവാക്കുന്നതാണ് അതേ സമയം അദ്ദേഹത്തിന് അല്ലാ ഹു(ത) സന്തോഷവാർത്ത അറിയിക്കുകയുണ്ടായി, അദ്ദേഹ ത്തിന്റെ കുടുംബം സത്വൃത്തരായ ജനതയെ കൊണ്ടു വരു ന്നതാണ് എന്നും! ലൂത്ത്(അ)ന്റെ ജനതയെ നശിപ്പിക്കുവാനുള്ള വാർത്ത ലഭിച്ചപ്പോൾ തന്നെ പ്രസ്തുത വാർത്ത ഇബ്റാഹീം(അ) യെ വളരെയധികം വേദനിപ്പിക്കുകയുണ്ടായി. അതേ സമയം തന്നെ ഇബ്റാഹീം(അ)ന് സദ്വൃത്തരായ വരും തലമുറകളെ

നല്കുന്നതാണെന്നുള്ള സദ്വാർത്തയും നല്കുകയുണ്ടായി.

ശിക്ഷയുടെ വാർത്തയുമായി മാലാഖമാർ എത്തിയപ്പോൾ അവിടെ അദ്ദേഹത്തിന്റെ ഭാര്യയും സന്നിഹിതയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ (അടുത്ത്) നില്ക്കുന്നുണ്ടായിരുന്നു. അപ്പോൾ അവൾ പരിഭ്രമിച്ചു. അപ്പോൾ നാം അവൾക്ക് ഇസ്ഹാഖിനെ സംബന്ധിച്ചും, ഇസ്ഹാഖിന്റെ പിന്നാലെ യഅ്ഖൂബിനെ സംബന്ധിച്ചും സന്തോഷവാർത്ത അറിയിച്ചു. അവൾ പറഞ്ഞു അഹോ കഷ്ടം, ഞാൻ കിഴവിയും എന്റെ ഭർത്താവ് വൃദ്ധനും ആയിരിക്കെ ഞാൻ പ്രസവിക്കുമോ? തീർച്ചയായും ഇത് അത്ഭുതകരമായ കാര്യം തന്നെ. അവർ പറഞ്ഞു അല്ലാഹുവിന്റെ കാര്യത്തെ സംബന്ധിച്ച് നീ അത്ഭുതപ്പെടുകയാണോ? വീട്ടുകാരേ, അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും നിങ്ങൾക്ക് ഉണ്ടാവട്ടെ, തീർച്ചയായും അല്ലാഹു സ്തുത്യർഹനും മഹത്വമുടയവുമത്രെ(11:72-74)

ഇസ്ഹാക്കിനെകുറിച്ചും യഅ്ഖൂബിനെ കുറിച്ചും ഇവിടെ പരമാർശിക്കപ്പെട്ടിരിക്കുന്നു. യഅ്ഖൂബിൽ നിന്നാണ് ഇസ്റായീലി ജനതയുടെ വരവ്. യഅ്ഖൂബിൽ (ഇസ്റായീൽ) നിന്നും 12 ഗ്രോതങ്ങൾ ഉണ്ടായി. പഴയ നിയമത്തിൽ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു. ദൈവം പിന്നെയും അബ്രഹാമിനോട് അരുളിചെയ്തത് നിന്റെ ഭാര്യയായ സാറായിയെ ഇനി സാറായി എന്ന് വിളിക്കരുത്. അവളുടെ പേര് സാറാ എന്നായിരിക്കണം. ഞാൻ അവളെ അനുഗ്രഹിക്കും. അവളിൽ നിന്ന് നിനക്ക് ഒരു മകനെ നല്കും. ഞാൻ അവളെ അനുഗ്രഹിക്കുകയും, അവൻ ജനതകൾക്ക് മാതാവായി തീരുകയും ചെയ്യും. ജനതകളുടെ രാജാക്കന്മാർ അവളിൽ നിന്ന് ഉദ്ഭവിക്കും. അപ്പോൾ അബ്രഹാം കവിണ്ണുവീണു ചിരിച്ചുകൊണ്ട് 100 വയസ്സായ മനുഷ്യന് മകൻ ജനിക്കുമോ? തൊണ്ണൂറാം വയസ്സിൽ സാറ പ്രസവിക്കുമോ? എന്ന് തന്റെ ഹൃദയത്തിൽ പറഞ്ഞു. അബ്റഹാം ദൈവത്തോട് യിസ്മായേൽ നിന്റെ മുൻപാകെ ജീവിച്ചിരുന്നാൽ മതി എന്നു പറഞ്ഞു. (ഉൽപത്തി 17:15-18)

ഇസ്ഹാഖ് (അ)ന്റെ ജനനത്തെപ്പറ്റിയുള്ള പ്രഖ്യാപനത്തെ തുടർന്ന്, ഏബ്രഹാമും സാറായും ലൈംഗിക ബന്ധ

ത്തിൽ ഏർപ്പെടുവാൻ പറ്റിയ ഒരവസ്ഥയിലായിരുന്നില്ല. അവർക്ക് ഒരു കുട്ടി ജനിക്കുവാൻ പോകുന്നു എന്ന് ദൈവം പ്രഖ്യാപിച്ചു കഴിഞ്ഞു, അവനിൽ നിന്ന് വിവിധ ജനതതികൾ ഉണ്ടായി വരുന്നതാണ് എന്നും പ്രഖ്യാപിച്ചു കഴിഞ്ഞു. തത്ഫലമായി യഅ്ഖൂബിൽ നിന്നും പന്ത്രണ്ട് ഗ്രോതങ്ങൾ ഉണ്ടായി വന്നു.

യിസ്മായീലിനെ സംബന്ധിച്ച്, ജനതകളെ കുറിച്ചുള്ള പരമാർശമില്ല. എന്നാൽ പന്ത്രണ്ട് നേതാക്കന്മാരെകുറിച്ച് പരമാർശിക്കുന്നുണ്ട്. യിസ്മായേലിനെകുറിച്ചുള്ള നിന്റെ അപേക്ഷ ഞാൻ കേട്ടിരിക്കുന്നു. ഞാൻ അവനെ അനുഗ്രഹിക്കുകയും അത്യധികം സന്താനസമൃദ്ധിയുള്ളവനാക്കി തീർക്കുകയും ചെയ്യും. അവൻ 12 പ്രഭുക്കന്മാരുടെ പിതാവായി തീരും, ഞാൻ അവനെ ഒരു വലിയ ജനതയാക്കും. (ഉൽപത്തി 17:20) ഇതുകൊണ്ട്ർത്ഥമാക്കുന്നത് ഇനി ഇസ്റായീൽകൾ 12 ഗ്രോത്രങ്ങളായി പിരിയും, എന്നാൽ ബനീ ഇസ്മായീൽ ഒരു ജനതയായി നില്ക്കും. ഐക്യത്തിന്റെ ബാനറിൻ കീഴിൽ എല്ലാവരേയും ദൈവം ഒരുമിപ്പിക്കുന്നതാണ്, ഇസ്മായിലിന്റെ കീഴിൽ! ഇപ്പോൾ നിങ്ങളൊന്നാലോചിക്കു ഇസ്മായീൽ(അ) എങ്ങനെയാണ് കഅ്ബയുടെ അസ്ഥിവാരം ഇട്ടതെന്ന്! ഭൂമിയിലെ യഥാർത്ഥ കേന്ദ്രമായി കഅ്ബ മാറിയില്ലേ! അദ്ദേഹത്തിന്റെ വരും തലമുറകളിലല്ലേ ഹസ്രത് മുഹമ്മദ് മുസ്തഫ (സ) ഭൂജാതനായത്. ഐക്യബാനറിൽ കീഴിൽ എല്ലാ ജനതകളെയും അദ്ദേഹം ഒരുമിച്ചു ചേർത്തില്ലേ!

ഏബ്രഹാമിന്റെ കുടുംബത്തെയും അനന്തരതലമുറകളെയയും വിശദമായി വിവരിച്ചശേഷം, നാം ഈ വചനത്തെ വീണ്ടും വായിക്കേണ്ടതുണ്ട്. ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ നാഥൻ ചില കല്പനകൾ വഴി പരീക്ഷിച്ച സന്ദർഭം (ഓർക്കുക) അപ്പോൾ അദ്ദേഹം അവയെ പൂർത്തിയാക്കി. അവൻ (അല്ലാഹു) പറഞ്ഞു ഞാൻ നിന്നെ ജനങ്ങൾക്ക് നേതാവാക്കുന്നു. അദ്ദേഹം പറഞ്ഞു, എന്റെ സന്തതികളിൽ നിന്നും (നേതാക്കന്മാരെ എഴുന്നേല്പിക്കണമെ) അവൻ (അല്ലാഹു) പറഞ്ഞു . എന്റെ ഉടമ്പടി അധർമ്മികൾക്ക് ബാധകമാവുകയില്ല(2:125)

ദൈവം ഏബ്രഹാമിന്റെ സന്താനങ്ങളുടെമേൽ ഒരു

ഉടമ്പടി ചെയ്തതായി നാം കാണുന്നു. ദുർവൃത്തരല്ലാത്തവരോട്! പ്രസ്തുത വാഗ്ദാനം അദ്ദേഹത്തിന്റെ വരും തലമുറകൾക്ക് ഇമാമത്ത് (നുബൂവ്വത്ത്) നല്കപ്പെടും എന്നതാണ്. അങ്ങനെ, അദ്ദേഹത്തിന്റെ രണ്ട് പുത്രന്മാർക്ക്, ഇസ്മായീലും, ഇസ്ഹാഖും പ്രവാചകന്മാരായി തീർന്നു. ഈ രണ്ടു കുടുംബങ്ങളിലെ പിൻഗാമികളിൽ നിന്ന് ദൈവം ആദ്യമായി തെരഞ്ഞെടുത്തത് ഇസ്ഹാക്കിനെയാണ്. അദ്ദേഹത്തിന്റെ പുത്രൻ ഒരു പ്രവാചകനായി തീർന്നു. യഅ്ഖൂബിന്റെ പുത്രൻ ജോസഫ് (യൂസുഫ്) ഒരു പ്രവാചകനായിരുന്നു. അതേ തുടർന്ന് ബൻജമിന്റെ കുടുംബത്തിൽ നിന്ന് ഒരു പ്രവാചകൻ, മോസസ് വന്നു, തൗറാത്ത് (തോറ) തറപ്പിച്ചു പറയുന്നു. ഇബ്റാഹിമിന്റെ കുടുംബത്തിൽ നിന്നാണ് ഈ ശൃംഖല വന്നത്. ദൈവം ഏബ്രഹാമിനോട് വീണ്ടും പറഞ്ഞു. അപ്പോൾ ദൈവം അരുളിചെയ്തത്, അങ്ങനെയല്ല. നിന്റെ ഭാര്യയായ സാറാ തന്നെ നിനക്കൊരു മകനെ പ്രസവിക്കും, നീ അവന് യിസ്ഹാഖ് എന്ന് പേര് വിളിക്കണം. ഞാൻ അവനോടും അവന് ശേഷം അവന്റെ സന്തതിയോടും എന്റെ ഉടമ്പടി ശാശ്വത ഉടമ്പടിയായി ഉറപ്പിക്കും (ഉല്പത്തി 17:19)

എന്നെന്നും നിലനില്ക്കുന്ന അതേ ഉടമ്പടിയാണ് ദൈവം ഏബ്രഹാമുമായി ഉണ്ടാക്കിയത്. എന്നെന്നും നിലനില്ക്കുന്ന നിയമം ആകുമ്പോൾ അത്, മാർഗ ഭ്രംശത്തിലാവുകയും അത് വ്യാപകമാവുകയും ചെയ്യും. അപ്പോൾ ദൈവം പ്രവാചകനെ ഉയർത്തുന്നു. ഈ പ്രവാചകത്വം ഒരു ദൈവവീകാനുഗ്രഹമാണ്. ഇത് എല്ലാവർക്കും സ്വാത്തികർക്കുമായി നല്കപ്പെടുന്നതാണ്. ഇതിൽ ദുർവൃത്തർക്ക് യാതൊരു പങ്കുമില്ല.

മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക) എന്റെ ജനമേ! നിങ്ങളിൽ (അല്ലാഹു) പ്രവാചകന്മാരെ നിശ്ചിക്കക്കുകയും നിങ്ങളെ രാജാക്കന്മാരാക്കുകയും (ലോകത്ത് അറിയപ്പെട്ട) സമുദായങ്ങളിൽ ആർക്കും നല്കിയിട്ടില്ലാത്തതായ (അനുഗ്രഹങ്ങൾ) നിങ്ങൾക്ക് നല്കുകയും ചെയ്തപ്പോൾ അല്ലാഹു നിങ്ങൾക്ക് (പ്രദാനം ചെയ്ത) അവന്റെ അനുഗ്രഹത്തെ ഓർക്കുക (5:21)

ദൈവം ആവർത്തിച്ച് അവരുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുകയുണ്ടായി.

ഇസ്റായീൽ സന്തതികളെ! ഞാൻ നിങ്ങൾക്ക് നല്കിയിട്ടുള്ള എന്റെ അനുഗ്രഹവും സമസ്തലോകരിൽ വച്ച് നിങ്ങളെ ഞാൻ ഉൽകൃഷ്ടരാക്കിയിരുന്ന കാര്യവും നിങ്ങൾ സ്മരിക്കുക. (2:48)

ശാശ്വതമായ ഉടമ്പടിയെകുറിച്ച് അവരെ ദൈവം ഇതു കൂടി ഓർമ്മിപ്പിക്കുകയുണ്ടായി. നിങ്ങൾ പ്രസ്തുത ഉടമ്പടിയിൽ വിശ്വസ്തത പുലർത്തുന്നവരായിരിക്കണം. അവന്റെ കല്നകൾ അനുസരിക്കുന്നവരുമായിരിക്കണം. നിങ്ങൾ ദുർവൃത്തരായി പോകരുത്. അവനും (ദൈവവും) അവന്റെ വാഗ്ദാനം പാലിക്കുന്നതാണ് എന്ന് അവർക്ക് ഉറപ്പ് നല്കുകയും ചെയ്തു. നേതൃത്വമാകുന്ന അനുഗ്രഹവും, പ്രവാചകത്വമാകുന്ന അനുഗ്രഹവും അവർക്ക് നല്കാമെന്നും വാഗ്ദാനം ചെയ്യുകയുണ്ടായി.

ഇസ്റായീൽ സന്തതികളെ! ഞാൻ നിങ്ങൾക്ക് നല്കിയിട്ടുള്ള എന്റെ അനുഗ്രഹത്തെ സ്മരിക്കുക. എന്നോട് ചെയ്ത കരാർ നിങ്ങൾ പാലിക്കുക. എന്നാൽ നിങ്ങളോടുള്ള കരാർ ഞാനും പാലിക്കുന്നതാണ്. നിങ്ങൾ എന്നെ മാത്രം ഭയപ്പെടുക. (2:41) എന്നാൽ ദൗർഭാഗ്യവശാൽ ഇസ്റായീലുകാർ ഈ അനുഗ്രഹത്തിന് വില കല്പിച്ചില്ല. അതുകൊണ്ട് തന്നെ അതിനെ നിലനിർത്തുവാനും കഴിഞ്ഞില്ല. അവരുടെ ഇടയിൽ മോശസ്സിനെ ഒരു പ്രവാചകനായി ഉയർത്തപ്പെട്ടപ്പോൾ, ദൈവം അദ്ദേഹത്തിന് ദൈവീക നിയമങ്ങൾ നല്കിയപ്പോൾ, അതായത് തൗറാത്ത് എന്ന് ഗ്രന്ഥം നല്കിയപ്പോൾ, ജൂതന്മാർ അവരുടെ തെമ്മാടിത്തരം പ്രകടമാക്കുകയാണുണ്ടായത്.

ഓ മൂസാ! ഞങ്ങൾ അല്ലാഹുവിനെ പ്രത്യക്ഷമായി കാണുന്നതു വരെ നന്റെ വാക്കുകൾ ഞങ്ങൾ വിശ്വസിക്കുകയേയില്ലെന്ന് നിങ്ങൾ പറഞ്ഞ സന്ദർഭവും (ഓർക്കുക) അപ്പോൾ നിങ്ങൾ നോക്കിക്കൊണ്ടിരിക്കെ ഒരു നാശകരമായ ശിക്ഷ നിങ്ങളെ പിടികൂടി (2:56)

ദൈവീക ദൃഷ്ടാന്തം ഒരാൾ അനുഭവിച്ചറിയുവാൻ അവൻ നല്ല കാര്യങ്ങൾ പ്രവർത്തിക്കേണ്ടതുണ്ട്, അചഞ്ചലമായ വിശ്വാസ ദാർഢ്യം ഉണ്ടായിരിക്കണം, ഒരുറച്ച ഹൃദയം ഉണ്ടായിരിക്കണം, അത് നിറയെ ദൈവീക സ്നേഹം കവിഞ്ഞൊഴുകണം, എന്നാൽ ഈ അസന്തുഷ്ടരായ ജൂതന്മാർ,

ദൈവത്തെ നേരിട്ടു കാണുവാൻ ശഠിക്കുകയുണ്ടായി. ഈ മൂല്യവത്തായ കാര്യങ്ങൾ ഒന്നും തന്നെ ചെയ്യാതെ. മോസസ്സിന്റെ അഭ്യർത്ഥന പ്രകാരം ദൈവം അവരെ തൂർ പർവ്വതത്തിലേക്ക് ക്ഷണിച്ചു. അവൻ അവനെതന്നെ സ്വയം വെളിപ്പെടുത്തിയപ്പോൾ, അവർ കണ്ടത് അവർക്കുൾക്കൊള്ളുവാൻ കഴിഞ്ഞില്ല. ദൈവം മൂസായോട് പറഞ്ഞു. അവർക്ക് മുന്നറിയിപ്പ് നല്കുവാൻ, ഒരിക്കൽ പ്രവാചകത്വമാകുന്ന അനുഗ്രഹം അവരിൽ നിന്ന് നീക്കം ചെയ്യുന്നതാണ്. എന്നിട്ട് അത് മറ്റു ചിലർക്ക് നല്കപ്പെടുന്നതാണ്. തന്റെ ജനതയെ അഭിസംബോധന ചെയ്തുകൊണ്ട് മൂസാ (അ) പറഞ്ഞു. നിന്റെ ദൈവമായ യഹോവ നിനക്ക് എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേല്പിച്ചു തരും. അവന്റെ വചനം നിങ്ങൾ കേൾക്കണം (ആവർത്തന പുസ്തകം 18:15)

ഞാൻ മരിക്കാതിരിക്കേണ്ടതിന് ഇനിയും എന്റെ ദൈവമായ യഹോവയുടെ ശബ്ദം കേൾക്കുവാനും ഈ മഹത്തായ തീ കാണുവാനും, എനിക്ക് ഇടവരരുതേ, എന്നിങ്ങനെ ഹോരേബിൽ വച്ച് മഹായോഗം കൂടിയ ദിവസം നിന്റെ ദൈവമായ യഹോവയോട് നീ അപേക്ഷിച്ചതുപോലെ തന്നെ (ആവർത്തനപുസ്തകം 18:16)

അന്ന് യഹോവ എന്നോട് അരുളിചെയ്തത് അവർ പറഞ്ഞത് ശരിയാകുന്നു. (ആവർത്തന പുസ്തകം 18:17)

നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേല്പിച്ച് എന്റെ വചനങ്ങൾ അവന്റെ നാവിന്മേൽ നല്കും. ഞാൻ അവനോട് കല്പിക്കുന്നതൊക്കെയും അവൻ അവരോട് പറയും (ആവർത്തനപുസ്തകം 18:18)

അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുവനെങ്കിലും കേൾക്കാതിരുന്നാൽ അവനോട് ഞാൻ ചോദിക്കും. (ആവർത്തന പുസ്തകം 18:19)

## പ്രസ്തുത പ്രവചനത്തിന് വിവിധഭാഗങ്ങളുണ്ട്.

1. ഇസ്റായീൽ സഹോദരങ്ങളുടെ ഇടയിൽ നിന്ന് ഒരു പ്രവാചകനെ ഉയർത്തുന്നതാണ് എന്ന് പറയപ്പെട്ടിരി

ക്കുന്നു. അതായത് ഇസ്ലാമായീലി സഹോദരങ്ങളിൽ നിന്ന്

2. പ്രസ്തുത പ്രവാചകൻ നിയമവാഹകനായ ഒരു പ്രവാചകനായിരിക്കും മൂസ(അ)യെ പോലെ.

3. മൂസാ (അ)നെപോലെ അദ്ദേഹത്തിനും ഒരു വാളുണ്ടായിരിക്കും, തന്റെ ശത്രുക്കളുടെ ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനായി! യിസ്മാഈലിനെ പറ്റിയുള്ള പ്രവചനത്തിൽ പറയപ്പെട്ടതുപോലെ അദ്ദേഹം തന്റെ കയ്യ് എല്ലാവർക്കുമെതിരിൽ ഉയർത്തുന്നതാണ്, അതുപോലെ എല്ലാവരും അവരുടെ കൈകൾ അദ്ദേഹത്തിനെതിരിലും ഉയർത്തുന്നതാണ്.

4. അദ്ദേഹത്തിന്റെ നിയമം ദൈവീക വാക്കുകൾ ആയിരിക്കും. മനുഷ്യരുടെ വാക്കുകൾ അതുമായി കൂട്ടിക്കുഴയ്ക്കുന്നതല്ല.

5. ദൈവത്തിൽ നിന്നും അവൻ കേട്ട വാക്കുകൾ, ഈ പ്രവാചകൻ അതേപടി ആവർത്തിക്കുന്നതാണ്.

6. ഈ നിയമത്തിൽ നിന്നും പിന്തിരിയുന്നവൻ ആരായാലും ശരി അവൻ ദൈവത്തിൻെറ പ്രതികാര നടപടിയ്ക്ക് ഇരയാകുന്നതാണ്. അതായത് ഒരു ദിനം സമാഗതമാകുന്നതാണ്. അന്ന് ഈ നിയമം സമ്പൂർണ്ണമായും പ്രവർത്തിപഥത്തിൽ കൊണ്ടു വരുന്നതാണ്. എല്ലാ എതിർപ്പുകളും അന്ന് കെട്ടടങ്ങുന്നതാണ്. ഈ നിയമം ദൈവം താൻ തന്നെ സംരക്ഷിക്കുന്നതാണ്.

ഈ പ്രവചനം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) യുടെ ആഗമനത്തോടെ പൂർത്തിയാവുകയുണ്ടായി

ഈ പ്രവാചകത്വത്തിന്റെ പ്രഖ്യാപനം മൂസ(അ) താൻ തന്നെ നിർവ്വഹിച്ചുവെങ്കിലും, ജനതയുടെ മേൽ ദൈവം പ്രസ്തുത പരമമായ ശിക്ഷ ഒരു തെറ്റിന്റെ പേരിൽ ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. തിരുത്തുവാനുള്ള അവസരം അവൻ അവർക്ക് നല്കുകയാണ്. സ്വയം പശ്ചാത്തപിച്ച് നന്നാകുവാനുള്ള അവസരം നല്കുകയാണ്. എന്നാൽ ജനം തെറ്റിൽ വളരെ വലിയ ശാഠ്യം പിടിച്ചു നില്ക്കുകയാണെങ്കിൽ അപ്പോൾ ദൈവം അവരെ ശിക്ഷിക്കുക തന്നെ ചെയ്യും.

ആയതിനാൽ, മുസ്ലിം ലോകം വളരെ വലിയ ജാഗ്രത പുലർത്തേണ്ടതു തന്നെയാണ്. ഇസ്റായീൽ സന്താനങ്ങളെ പോല നന്ദിയില്ലാത്തവരാകാതിരിക്കുവാൻ അവർ തികഞ്ഞ ജാഗ്രതയിലായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ ഏകത്വത്തിൽ നിന്നുള്ള വിശ്വാസത്തിൽ നിന്നും നാം അല്പവും വ്യതിചലിച്ചു പോകരുത്. മറ്റുള്ളവർ വഴിമാറി പോയതുപോലെ! സർവ്വശക്തനായ അല്ലാഹു! അവൻ നമുക്ക് ഏറ്റവും നല്ല മാർഗദർശനമാണ് നല്കിയിരിക്കുന്നത്. സമ്പൂർണ്ണമായ അവന്റെ കല്പനകൾ അക്ഷരം പ്രതി അനുസരിക്കുക എന്നത് നമ്മുടെ മേൽ നിർബന്ധമായ കാര്യമാകുന്നു. മുഹമ്മദിയ്യാ സമുദായത്തിലെ സാർവ്വദേശീയ പ്രവാചകന്മാരെ പിന്തുടരുകയും, അതിലൂടെ മാത്രമെ ഏകദൈവ വിശ്വാസത്തെ (തൗഹീദിനെ) നിലനിർത്തുവാൻ സാധിക്കുകയുള്ളു. നേർപാത (സ്വിറാത്തുൽ മുസ്തഖീം) പിന്തുടരുവാൻ കഴിയുകയുള്ളു. ഈ രീതിയിൽ ഇസ്ലാം എല്ലായ്പ്പോഴും നമ്മുടെ ജീവിത വഴികാട്ടിയായി, മുന്നിലുണ്ടായിരിക്കണം.

അല്ലാഹു(ത) നമ്മെ യഥാർത്ഥ മുസ്ലിംകളാക്കട്ടെ! പേരുകൊണ്ടുള്ള മുസ്ലിംകൾ ആയിരിക്കരുത്! ഇസ്ലാമിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ കഴിയുന്ന മുസ്ലിംകൾ ആയിരിക്കണം. അതായത് ലോകത്ത് സമാധാനം വ്യാപിപ്പിക്കുക, ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുക. പ്രസ്തുത ദൈവത്തിന് സകലതും സമർപ്പിക്കുക, യാതൊരു പങ്കുകാരനുമില്ലാത്തവന്! അത് മാത്രമാണ് ദഅ്വത്തുല്ലാഹ് !

******* ഇൻശാ അല്ലാഹ് ആമീൻ! *******



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*